"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

KSHB Building ശാന്തി നഗർ, തിരുവനന്തപുരം-1,

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: കെ.ബിജു ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ഐ.ടി.ഐ ആറ്റിങ്ങൽ - ശ്രീ.അനിൽകുമാർ.റ്റി, ഗ്രൂപ്പ് ഇൻസ്ട്രക്ടർ- സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു

പരാമർശം : 30.07.2015-ൽ ശ്രീമതി.സി.നിർമ്മല, ചീഫ് സൂപ്രണ്ട് നൽകിയ പരാതി

------------

## ഉത്തരവ് നമ്പർ വിസി/17482/15 തീയതി, 31.07.2015

ആറ്റിങ്ങൽ ഐ.ടി.ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ. അനിൽകുമാർ.റ്റി, യെ ആറ്റുകാൽ പ്രൈവറ്റ് ഐ.ടി.ഐ യിൽ ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015 (സെമസ്റ്റർ സിസ്റ്റം) - ൽ അസിസ്റ്റന്റ് സൂപ്രണ്ട് ആയി നിയോഗിച്ചിരുന്നു. എന്നാൽ ടിയാൻ 30.07.2015 -ൽ ചീഫ് സൂപ്രണ്ടിന്റെ അനുവാദം ഇല്ലാതെ പരീക്ഷാകേന്ദ്രം വിട്ടുപോവുകയുണ്ടായി എന്ന് പരാമർശം പ്രകാരം ചീഫ് സൂപ്രണ്ട് പരാതി നൽകിയിരിക്കുന്നു. അഖിലേന്ത്യാ പരീക്ഷ ജോലിയ്ക്ക് അസിസ്റ്റന്റ് സൂപ്രണ്ടായി നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥൻ പ്രസ്തുത ജോലിയിൽ നിന്നും വിട്ടുപോയത് ഗുരുതരമായ കൃത്യവിലോപമാണ്.

ടിയാന്റെ ടി. പ്രവൃത്തി ഗുരുതരമായ അച്ചടക്കലംഘനമായതിനാൽ ടിയാനെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1)(എ) പ്രകാരം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് കേരള സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 55 നോട്ട് '3' പ്രകാരം ഉപജീവന ബത്തയ്ക്ക് അർഹത യുണ്ടായിരിക്കുന്നതാണ്.

ശ്രീ. അനിൽകുമാർ.റ്റി, ഗ്രൂപ്പ് ഇൻസ്ട്രക്ടർക്ക് പകരം ടി പരീക്ഷാകേന്ദ്രത്തിൽ അസിസ്റ്റന്റ് സൂപ്രണ്ട് ആയി ശ്രീ.വികാസ്, ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഐ.ടി.ഐ ആറ്റിങ്ങൽ-നെ നിയമിച്ചിരിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർ.

സ്വീകർത്താവ്:

1. ശ്രീ. അനിൽകുമാർ.റ്റി,
   ഗ്രൂപ്പ് ഇൻസ്ട്രക്ടർ,
   ഐ.ടി.ഐ ആറ്റിങ്ങൽ (പ്രിൻസിപ്പാൾ മുഖേന)
2. ശ്രീ.വികാസ്.എസ്,
   ഗ്രൂപ്പ് ഇൻസ്ട്രക്ടർ,
   ഐ.ടി.ഐ ആറ്റിങ്ങൽ(പ്രിൻസിപ്പാൾ മുഖേന)

പകർപ്പ്:-1. പ്രിൻസിപ്പാൾ, ഐ.ടി.ഐ ആറ്റിങ്ങൽ
2 ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്)

R/31/7/15